# കുട്ടിക്കഥകൾ

## ഉള്ളടക്കം


1 സത്യസന്ധനായ മരംവെട്ടുകാരൻ 3

2 ഊളന്മാരും കുവലും 5

3 മാന്ത്രികനാശാനും കള്ളന്മാരും 6

4 പുഴുവിനെ കണ്ടു പേടിച്ച പട്ടിക്കുട്ടി 9

5 ചുവന്ന കുഞ്ഞിക്കോഴി 10

# 1 സത്യസന്ധനായ മരംവെട്ടുകാരൻ

ഒരിക്കൽ ഒരിടത്തു് ഒരു മരംവെട്ടുകാരൻ ജീവിച്ചിരുന്നു. അയാൾ വളരെ സാധുവും സത്യസന്ധനുമായിരുന്നു. അയാൾ ഒരിക്കലും ഒരു അത്യാഗ്രഹിയോ അതിമോഹിയോ ആയിരുന്നില്ല. അയാൾ രാവിലെ മുതൽ രാത്രി വരെ കഠിനാദ്ധ്വാനം ചെയ്യുമായിരുന്നു. അയാൾ വളരെ പാവപ്പെട്ടവനായതുകൊണ്ട് ആഡംബരജീവിതം എന്താണെന്നു കൂടി അറിഞ്ഞിരുന്നില്ല.

ഒരു ദിവസം മരംവെട്ടുകാരൻ പതിവുപോലെ കാട്ടിലേക്കു മരം വെട്ടാൻ പോയി. പെട്ടെന്ന് അയാളുടെ കൈയിൽ നിന്നു മഴു വഴുതി പുഴയിലേക്കു വീണു. അയാൾ കുറേ നേരം മഴുവിനു വേണ്ടി തിരഞ്ഞു. പക്ഷേ, പുഴയിൽ ധാരാളം വെള്ളം ഉണ്ടായിരുന്നതുകൊണ്ട് ആ പാവത്തിനു മഴു കണ്ടുപിടിക്കാൻ സാധിച്ചില്ല. മരംവെട്ടുകാരൻ ആകെ വിഷമത്തിലായി. അയാളുടെ കൈയിൽ പുതിയ മഴു വാങ്ങാനുള്ള പണം ഇല്ലായിരുന്നു. മഴു ഇല്ലെങ്കിലോ അയാൾക്ക് അയാളുടെ ജോലി ചെയ്യാൻ പറ്റില്ല. ജോലി ഇല്ലെങ്കിലോ അയാൾക്ക് പണമുണ്ടാവില്ലെന്നു മാത്രമല്ല, പട്ടിണിയിലുമാവും. മരംവെട്ടുകാരൻ വിഷമം സഹിക്കാൻ വയ്യാതെ പൊട്ടിക്കരയാൻ തുടങ്ങി.

പെട്ടെന്ന് പുഴയിൽ നിന്ന് സുന്ദരിയായ ഒരു സ്ത്രീ പൊന്തി വന്നു. എന്നിട്ട് മരംവെട്ടുകാരനോടു ചോദിച്ചു: "എന്തു പറ്റി? എന്തിനാണു നീ കരയുന്നത്?"

മരംവെട്ടുകാരൻ ഉണ്ടായ കഥയെല്ലാം ആ സ്ത്രീയോടു പറഞ്ഞു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: "വിഷമിക്കേണ്ടാ. ഞാൻ ജലദേവതയാണ്. ഞാൻ നിനക്കു നിന്റെ മഴുവെടുത്തു തരാം." ഇതു പറഞ്ഞിട്ടു ജലദേവത അപ്രത്യക്ഷയായി.

കുറച്ചു കഴിഞ്ഞു് കൈയിൽ ഒരു സ്വർണ്ണമഴുവുമായി ദേവത പ്രത്യക്ഷപ്പെട്ടു. എന്നിട്ടു ചോദിച്ചു: "ഇതാണോ നിന്റെ കളഞ്ഞുപോയ മഴു?"

മരംവെട്ടുകാരൻ കണ്ണു തിരുമ്മി നല്ലവണ്ണം നോക്കിയ ശേഷം പറഞ്ഞു: "അല്ല, ഇതല്ല എന്റെ മഴു."

ദേവത പിന്നെയും അപ്രത്യക്ഷയായി. പിന്നെ പ്രത്യക്ഷയായപ്പോൾ അവരുടെ കൈയിൽ ഒരു വെള്ളിമഴു ഉണ്ടായിരുന്നു.

ദേവത പിന്നെയും മരംവെട്ടുകാരനോടു ചോദിച്ചു: "ഇതാണോ നിന്റെ മഴു?"

അപ്പോൾ അയാൾ മറുപടി പറഞ്ഞു: "അല്ല, എന്റേതു് ഇരുമ്പിന്റെ മഴുവാണ്. എനിക്കു വേറേ ഒരു മഴുവും വേണ്ടാ. എന്റെ പഴയ ആ മൂർച്ചയുള്ള മഴു മതി. അതു കാണാൻ ഭംഗിയില്ലെങ്കിലും വളരെ സൗകര്യപ്രദമാണ്."

മരംവെട്ടുകാരൻ അങ്ങനെ തന്റെ മഴുവിനെപ്പറ്റി ദേവതയോടു വിസ്തരിച്ചു പറയാൻ തുടങ്ങി. ദേവത പിന്നെയും അപ്രത്യക്ഷയായി. ഇത്തവണ പ്രത്യക്ഷയായപ്പോൾ അവരുടെ കൈയിൽ ആ പഴയ ഇരുമ്പുമഴു ഉണ്ടായിരുന്നു. മരംവെട്ടുകാരന് അതു കണ്ടപ്പോൾ വളരെ സന്തോഷമായി. ജലദേവത മരംവെട്ടുകാരന്റെ സത്യസന്ധതയിൽ സന്തുഷ്ടയായി മൂന്നു മഴുവും സമ്മാനമായി കൊടുത്തു. മരംവെട്ടുകാരൻ അങ്ങനെ വലിയ പണക്കാരനായി.

മരംവെട്ടുകാരന്റെ ഈ ഭാഗ്യത്തിൽ അസൂയാലുവായ ഒരു കൂട്ടുകാരൻ അയാളോടു പെട്ടെന്നുണ്ടായ ഈ സമ്പത്തിന്റെ രഹസ്യം ചോദിച്ചു. സത്യസന്ധനായ മരംവെട്ടുകാരൻ നടന്നതെല്ലാം കൂട്ടുകാരനോടു പറഞ്ഞു. അസൂയാലുവായ കൂട്ടുകാരൻ തന്റെ സ്വന്തം ഭാഗ്യം പരീക്ഷിക്കാൻ തന്നെ തീരുമാനിച്ചു പുഴയിലേക്കു നടന്നു മഴു സ്വമേധയാ വെള്ളത്തിലേക്കു വലിച്ചെറിഞ്ഞു. എന്നിട്ട് ഉറക്കെ കരയാൻ തുടങ്ങി.

പതിവുപോലെ ജലദേവത പ്രത്യക്ഷയായി കാരണം തിരക്കി. മഴു കളഞ്ഞുപോയ വിവരം അയാൾ പറഞ്ഞു. ദേവത അപ്രത്യക്ഷയായി. കുറച്ചു കഴിഞ്ഞു് കൈയിൽ സ്വർണ്ണമഴുവുമായി

തിരിച്ചുവന്നു. എന്നിട്ട് "ഇതു നിന്റെ മഴുവാണോ" എന്നു ചോദിച്ചു. അത്യാഗ്രഹിയായ കൂട്ടുകാരൻ അതു തന്റെ മഴുവാണെന്നും ദയവായി അതു തിരിച്ചുതരാനും പറഞ്ഞു.

ദേവതയ്ക്കു ദേഷ്യം വന്നു. എന്നിട്ടു പറഞ്ഞു: "എനിക്കറിയാം, ഇതു നിന്റെ മഴുവല്ല. നീയൊരു അത്യാഗ്രഹിയാണ്." എന്നു പറഞ്ഞ്നിട്ട് ജലദേവത അപ്രത്യക്ഷയായി.

അസൂയാലുവും അത്യാഗ്രഹിയുമായ കൂട്ടുകാരന് അങ്ങനെ അവന്റെ ഇരുമ്പുമഴുവും കൂടി നഷ്ടപ്പെട്ടു. അയാൾ വിഷണ്ണനായി വെറും കൈയോടെ വീട്ടിലേക്കു മടങ്ങി.

## 2 ഊളന്മാരും കൂവലും

പണ്ടു പണ്ട്, ഊളമ്പാറ എന്ന സ്ഥലത്ത് ഒരു കാടുണ്ടായിരുന്നു. കാട്ടിൽ കുറേ കുറുക്കന്മാരുണ്ടായിരുന്നു. എന്നും രാത്രി എല്ലാ കുറുക്കന്മാരും കൂട്ടത്തോടെ കാട്ടിന്റെ നടുക്കുള്ള കുന്നിന്റെ ഉച്ചിയിൽ കയറി കുത്തിയിരിക്കും. കുറുക്കന്മാർക്കൊരു ചീത്ത സ്വഭാവമുണ്ട് . എന്താണെന്നോ? കൂവൽ. രാത്രി ചന്ദ്രൻ ഉദിച്ചു വരുന്നതു കണ്ടാൽ അവർക്കു കൂവണമെന്നു തോന്നും. ഒരു കുറുക്കൻ കൂവിക്കഴിഞ്ഞാൽ പിന്നെ മറ്റു കുറുക്കന്മാർക്കു കൂവാതിരിക്കാൻ പറ്റില്ല. അവരും കൂവും. ഉറക്കെ. കൂ...കൂ...കൂ...

കൂർക്കം വലിച്ച് ഉറങ്ങുകയായിരുന്ന ആളുകൾ കുറുക്കന്മാരുടെ കൂവൽ കേട്ട് ഉണർന്നു. കൂവൽ മൂലം ഉറക്കം നഷ്ടപ്പെട്ട ആളുകൾ പട്ടികളെ അഴിച്ചുവിട്ടു തുടങ്ങി. പട്ടികൾ കുറുക്കന്മാരെ കടിച്ച് ഓടിക്കാനും തുടങ്ങി. ഇതു സഹിക്കാൻ വയ്യാതെ കുറുക്കന്മാർ പട്ടികളിൽ നിന്നു രക്ഷപ്പെടാൻ ഒരു ഉപായത്തിനായി ഏറ്റവും ബുദ്ധിയുള്ള കുനൻ കുറുക്കനെ അഭയം പ്രാപിച്ചു. കുനൻ കുറുക്കൻ ഉപദേശിച്ചു: “കൂവാതിരിക്കുക മാത്രമാണ് ഒരേയൊരു ഉപായം.”

കുറുക്കന്മാർ അന്നു രാത്രി കൂവാതെ കുന്നിനു മുകളിൽ ഇരിക്കാൻ ശ്രമിച്ചു. പക്ഷേ ചന്ദ്രൻ ഉദിച്ചു പൊങ്ങിയപ്പോൾ അവർക്കു കൂവാതിരിക്കുവാൻ കഴിഞ്ഞില്ല. അവർ കൂവുകയും, ആളുകൾ പട്ടികളെ അഴിച്ചുവിടുകയും, കുറുക്കന്മാർ പട്ടികളുടെ കടികൊണ്ട് ഓടുകയും ചെയ്തു.

ഇങ്ങനെ കുറേ ദിവസം കഴിഞ്ഞു. കുറുക്കന്മാർ കൂവൽ നിർത്തുന്നില്ല എന്നു കണ്ടപ്പോൾ കുനൻ കുറുക്കൻ പുതിയ ഒരു ഉപായം പ്രയോഗിച്ചു. കൂവുന്ന കുറുക്കന്മാർക്ക് കുനൻ കുറുക്കൻ ഒരു പിഴ നിശ്ചയിച്ചു. അതനുസരിച്ച്, കൂവുന്ന കുറുക്കന്മാർ ഒരു നിശ്ചിത സംഖ്യ ഒരു കുടുക്കയിൽ ഇടണം. പിറ്റേന്നു രാവിലെ ഈ കുടുക്കയിലെ പണം കുനൻ കുറുക്കനെ ഏല്പിക്കുകയും വേണം.

ഇതനുസരിച്ച് കുനൻ കുറുക്കനു ദിവസവും ഒരുപാടു പണം കിട്ടുവാൻ തുടങ്ങി. കുനൻ കുറുക്കൻ അതുപയോഗിച്ചു സുഖമായി ജീവിച്ചു.

അങ്ങനെയിരിക്കുമ്പോൾ കുനൻ കുറുക്കന്റെ അറുപതാം പിറന്നാൾ വന്നു. പിറന്നാൾ രാത്രിയിൽ കുനൻ കുറുക്കനെ സന്തോഷിപ്പിക്കാൻ വേണ്ടി എത്ര ബുദ്ധിമുട്ടിയിട്ടാണെങ്കിലും കൂവാതിരിക്കാൻ കുറുക്കന്മാർ തീരുമാനിച്ചു.

പിറന്നാൾ ദിവസം രാത്രി കുനൻ കുറുക്കൻ മറ്റു കുറുക്കന്മാരുടെ കൂവൽ കേൾക്കാൻ ചെവിയോർത്തു കിടന്നു. കുറേ നേരമായിട്ടും കൂവൽ കേൾക്കാതായപ്പോൾ തനിക്കു കിട്ടുന്ന പണം ഇനി കിട്ടാതെ പോകുമോ എന്ന് കുനൻ കുറുക്കനു ഭയം തോന്നി. ആരും കാണാതെ കുനൻ കുറുക്കൻ കുന്നിന്റെ മുകളിൽ കയറി ഉച്ചത്തിൽ കൂവി: “കൂ, കൂ, കൂ, . . . ”.

കൂവൽ കേട്ടപ്പോൾ മറ്റു കുറുക്കന്മാർക്കും കൂവാതിരിക്കാൻ കഴിഞ്ഞില്ല. എല്ലാവരും കൂവലിൽ പങ്കുചേർന്നു.

# 3 മാന്ത്രികനാശാനും കള്ളന്മാരും

പണ്ടു പണ്ട്, ഒരു ഗ്രാമത്തിൽ ഒരു ആശാനുണ്ടായിരുന്നു. ആശാനെന്നു പറഞ്ഞാൽ, കുട്ടികളെ അക്ഷരം പഠിപ്പിക്കുന്ന ആൾ. ആശാൻ കുട്ടികളെ അക്ഷരം പഠിപ്പിച്ചു പഠിപ്പിച്ചു കുട്ടികളൊക്കെ വലുതായിപ്പോയി. ആശാൻ വയസ്സനുമായി. കണ്ണു ശരിയ്ക്കു കാണാൻ വയ്യ. ചെവിയും ശരിക്കു കേൾക്കാൻ വയ്യ. ശരിയ്ക്കു നടക്കാനും വയ്യ. കാര്യങ്ങളൊക്കെ ശരിയ്ക്ക് ഓർമ്മയും നിൽക്കുന്നില്ല. അശാനു കുട്ടികളുമില്ല. വയസ്സനായ ആശാനെയും വയസ്സിയായ ഭാര്യയെയും നോക്കാൻ ആരുമില്ല. വടി കുത്തിയാൽപ്പോലും ശരിയ്ക്കു നടക്കാൻ വയ്യാത്തതു കൊണ്ടു ആശാൻ വല്ലയിടത്തും പോകാൻ ഒരു കഴുതയെ വാങ്ങി. കഴുതയെ കെട്ടിയിടാൻ ആശാൻ ഒരു ദിവസം മറന്നുപോയി. കഴുത എങ്ങോട്ടോ ഓടിപ്പോയി.

ആ ഗ്രാമത്തിന്റെ അടുത്തുള്ള കാട്ടിൽ ഒരു സിംഹമുണ്ടായിരുന്നു. ഗ്രാമത്തിലേക്കുള്ള വഴിയ്ക്കരികിൽ ഒളിച്ചിരുന്നിട്ട്, മനുഷ്യരാരെങ്കിലും ആ വഴിയ്ക്കു വരുമ്പോൾ “ഗ്ർർർ. . . ” എന്നലറിക്കൊണ്ട് അവരുടെ മുൻപിലേക്കു ചാടും. അവർ പേടിച്ച് “അയ്യോ” എന്നു വിളിച്ചു കൊണ്ട് ഓടിപ്പോവും. അവർ ഓടിപ്പോവുന്നതു നോക്കി സിംഹം കുറേ നേരം ചിരിക്കും. അവർ ഓടിപ്പോയിക്കഴിഞ്ഞാൽ, അത് ഓർത്തോർത്ത് പിന്നെയും കുറേ നേരം ചിരിക്കും. ഇതായിരുന്നു സിംഹത്തിന്റെ വിനോദം.

ഗ്രാമത്തിനു പുറത്ത് ഒരു കിണറുണ്ട്. കിണറ്റിൽ നിന്നു വെള്ളം കോരാൻ സ്ത്രീകൾ വരും. അവർ അവിടെ നിന്നു നാട്ടു വിശേഷങ്ങൾ പറയും. കാട്ടിൽ ഒളിച്ചിരുന്ന് സിംഹം അതൊക്കെ കേൾക്കും. ഇങ്ങനെ സ്ത്രീകൾ പറയുന്ന വിശേഷങ്ങൾ കേട്ടുകേട്ട് സിംഹത്തിനു മലയാളം നന്നായി മനസ്സിലാവാൻ തുടങ്ങി. നാട്ടുവിശേഷങ്ങളും അറിയാം.

ഒരു ദിവസം സന്ധ്യയാവാറായപ്പോൾ രണ്ടു സ്ത്രീകൾ കിണറ്റിൽ നിന്നു വെള്ളം കോരിയിട്ട് അവിടെ നിന്നു സംസാരിക്കുകയായിരുന്നു.

“വാ, നമുക്കു പോകാം”, കുറച്ചു കഴിഞ്ഞപ്പോൾ ഒരുത്തി മറ്റൊരുത്തിയോടു പറഞ്ഞു.

“നമുക്കു കുറച്ചു നേരം കൂടി വർത്തമാനം പറഞ്ഞു നിൽക്കാം”, മറ്റേ സ്ത്രീ പറഞ്ഞു.

“അയ്യോ, വേണ്ട. നീ കേട്ടില്ലേ ഏഴു പെരുങ്കള്ളന്മാരുടെ കാര്യം?” ആദ്യത്തെ സ്ത്രീ പേടിയോടെ പറഞ്ഞു.

“അയ്യോ, ഞാനതു മറന്നുപോയി. ഇവിടെ നിൽക്കുന്നതു സൂക്ഷിക്കണം. സന്ധ്യയാവുന്നതിനു മുൻപു നമുക്കു വേഗം വീട്ടിൽ പോകാം.” രണ്ടാമത്തെ സ്ത്രീ പേടിയോടെ പറഞ്ഞു.

രണ്ടുപേരും അവരുടെ കുടങ്ങളുമെടുത്തു സ്ഥലം വിട്ടു.

സിംഹത്തിനു മലയാളം ഒരുമാതിരി നന്നായി മനസ്സിലാകുമെങ്കിലും ’പെരുങ്കള്ളന്മാർ’ എന്നൊരു വാക്ക് അവൻ കേട്ടിട്ടില്ലായിരുന്നു. അവൻ വിചാരിച്ചു: “മനുഷ്യർ എപ്പോഴും എന്നെക്കാണുമ്പോഴാണല്ലോ പേടിച്ചോടാറ്. ഇപ്പോഴിതാ അവർ ഏതോ ‘പെരുങ്കള്ളന്മാരെ’ പേടിച്ചോടുന്നു! ആരെടാ ഈ പെരുങ്കള്ളന്മാർ? ഒന്നു കാണണമല്ലോ.”

ആ സമയത്ത് നമ്മുടെ ആശാൻ തപ്പിത്തടഞ്ഞ് ആ വഴി വന്നു.

സിംഹം വിചാരിച്ചു: “ഈ വയസ്സനാണോ പെരുങ്കള്ളന്മാർ?”

സിംഹം ആശാന്റെ മുൻപിൽ ചെന്നു നിന്ന് ഉറക്കെ അലറി “ഗ്ർർർ...”

ആശാനു ശരിക്കു ചെവി കേൾക്കാൻ വയ്യല്ലോ. ആശാൻ സിംഹം അലറിയതു കേട്ടില്ല.

“ങേ?” സിംഹം വിചാരിച്ചു, “എന്റെ അലർച്ച കേട്ടിട്ടും ഇയാൾക്ക് ഒരു പേടിയുമില്ലല്ലോ. ഭയങ്കരൻ തന്നെ.”

ആശാൻ മുൻപിൽ നിൽക്കുന്ന സിംഹത്തെ കണ്ടു. പക്ഷേ, ആശാനു ശരിക്കു കണ്ണു കാണാൻ വയ്യല്ലോ. അശാൻ വിചാരിച്ചു, ഓടിപ്പോയ കഴുതയായിരിക്കും മുന്നിൽ വന്നു നിൽക്കുന്നതെന്ന്. ആശാൻ കയ്യിലിരുന്ന വടിയെടുത്തു സിംഹത്തിനു രണ്ടടി കൊടുത്തു. എന്നിട്ടു പറഞ്ഞു, "തിന്നു വയറു നിറച്ചു പണിയെടുക്കാതെ നടക്കുകയാണല്ലേ നീ? നടക്കു വീട്ടിലേക്ക്."

സിംഹം വിചാരിച്ചു: "ഇയാൾക്ക് എന്നെ പേടിയില്ലെന്നു മാത്രമല്ല, എന്നെ അടിക്കുകയും ചെയ്യുന്നു. ഇയാളുള്ളപ്പോൾ മനുഷ്യരൊന്നും എന്നെ കണ്ടു പേടിക്കുമെന്നു തോന്നുന്നില്ല. ഇയാളെയാണെങ്കിൽ എല്ലാവർക്കും പേടിയുമാണ്. ഇയാളുടെ കൂടെ കൂടിയില്ലെങ്കിൽ ഇനി രക്ഷയില്ല. ഇയാൾ പറഞ്ഞതു പോലെ ചെയ്യുന്നതായിരിക്കും നല്ലത്."

ആശാൻ സിംഹത്തിന്റെ മുകളിൽ കയറിയിരുന്നു വീട്ടിലേക്കു പുറപ്പെട്ടു. ആശാൻ സിംഹത്തിന്റെ പുറത്തിരുന്നു വരുന്നതു ഗ്രാമത്തിലെ ആൾക്കാരൊക്കെ കണ്ടു. അവരെല്ലാം പേടിയോടെ പരസ്പരം പറഞ്ഞു, "ആശാനു മന്ത്രവാദമറിയാം. കണ്ടില്ലേ, സിംഹത്തിനെ മെരുക്കി കൊണ്ടു നടക്കുന്നത്?"

ആശാൻ വീട്ടിലെ തൊഴുത്തിൽ സിംഹത്തെ കെട്ടിയിട്ടു. ഗ്രാമത്തിലെ ആൾക്കാർ രാജാവിനോടു ചെന്നു പറഞ്ഞു, "ഞങ്ങളുടെ ഗ്രാമത്തിൽ ഒരു ആശാനുണ്ട്. കണ്ടാൽ വെറുമൊരു ആശാനാണെന്നു തോന്നുമെങ്കിലും അദ്ദേഹം വാസ്തവത്തിൽ മഹാമന്ത്രികനാണ്. കാട്ടിലെ ജന്തുക്കൾ വരെ അദ്ദേഹം പറയുന്നതു കേൾക്കും. അദ്ദേഹത്തിന്റെ വീട്ടിലെ തൊഴുത്തിൽ ഒരു സിംഹത്തിനെ കെട്ടിയിട്ടിട്ടുണ്ട്"

രാജാവിന്റെ മൃഗശാലയിൽ ഒരു സിംഹമില്ലായിരുന്നു. രാജാവ് ഒരുപാടു പണം കൊടുത്ത് ആശാന്റെ സിംഹത്തെ വാങ്ങിച്ചു കൊണ്ടുപോയി. ഒരു കഴുതയ്ക്ക് ഇത്രയും പണം കിട്ടിയതെന്തിനാണെന്നു ആശാനു മനസ്സിലായില്ല.

ആശാനെ ഇപ്പോൾ എല്ലാവരും ആദരവോടെ 'മാന്ത്രികനാശാൻ' എന്നാണു വിളിയ്ക്കുന്നത്. കണ്ണു ശരിയ്ക്കു കാണാൻ വയ്യെങ്കിലും ചെവി ശരിക്കു കേൾക്കാൻ വയ്യെങ്കിലും ശരിയ്ക്ക് ഓർമ്മയില്ലെങ്കിലും ആശാനിപ്പോൾ ബുദ്ധിമുട്ടൊന്നുമില്ല. കുട്ടികളില്ലാത്ത ആശാനെയും വയസ്സിയായ ഭാര്യയെയും നോക്കാൻ ഇപ്പോൾ വേലക്കാരുണ്ട്. ആശാന് വല്ലയിടത്തും പോകണമെങ്കിൽ കയറിപ്പോകാൻ പുതിയൊരു കഴുതയും കഴുതയെ നോക്കാൻ ഒരു കഴുതക്കാരനുമുണ്ട്.

ആയിടയ്ക്ക് ഒരു ദിവസം ഏഴു പെരുങ്കള്ളന്മാർ രാജാവിന്റെ കൊട്ടാരത്തിൽ കയറി. രാജാവിന്റെ പൊന്നും പണവുമെല്ലാം ഏഴു ചാക്കിൽ കെട്ടി അവർ സ്ഥലം വിട്ടു.

രാജാവു മാന്ത്രികനാശാനെ വിളിപ്പിച്ചു. "നാളെ നേരം വെളുക്കുമ്പോഴേക്കും ഏഴു പെരുങ്കള്ളന്മാർ എവിടെയുണ്ടെന്ന് കണ്ടുപിടിക്കണം. മന്ത്രമോ തന്ത്രമോ എന്തു വിദ്യയും ഉപയോഗിച്ചോളൂ."

ആശാൻ വീട്ടിൽ വന്നു ഭാര്യയോടു പറഞ്ഞു: "എനിക്കു മാന്ത്രികശക്തിയുണ്ടെന്നാണു രാജാവിന്റെ വിചാരം. ഏഴു പെരുങ്കള്ളന്മാരും എവിടെയുണ്ടെന്നു നാളെ നേരം വെളുക്കുമ്പോഴേക്കു പറഞ്ഞില്ലെങ്കിൽ കുഴപ്പമാകും. നമുക്കു ഇന്നു രാത്രിയാവുമ്പോൾ, ആകാശത്ത് ഏഴു നക്ഷത്രങ്ങളും ഉദിച്ചു കഴിയുമ്പോൾ ആരും കാണാതെ വേറെ എങ്ങോട്ടെങ്കിലും പൊയ്ക്കളയാം."

മാന്ത്രികൻ ആശാൻ പെരുങ്കള്ളന്മാരെ കണ്ടുപിടിക്കാൻ പോകുന്നു എന്ന വാർത്ത നാട്ടിലെല്ലാം പരന്നു. കാട്ടിൽ ഒളിച്ചിരുന്ന ഏഴു പെരുങ്കള്ളന്മാരും അതു കേട്ടു. കള്ളന്മാരുടെ തലവൻ ഒരു കള്ളനോടു പറഞ്ഞു: "ഈ ആശാൻ കുഴപ്പക്കാരനാണെന്നു തോന്നുന്നു. നീ പോയി അയാളുടെ വീട്ടിനടുത്ത് ഒളിച്ചിരുന്ന് അയാളെന്താണു ചെയ്യുന്നതെന്നു നോക്കിയിട്ടു വാ."

രാത്രിയായപ്പോൾ കള്ളൻ ചെന്ന് ആശാന്റെ വീട്ടിനു പുറത്ത് ഒളിച്ചിരുന്നു. ആ സമയത്ത് ജന്നലിനടുക്കൽ വന്ന് ആശാൻ ആകാശത്തു നോക്കി. ഏഴു നക്ഷത്രങ്ങളിൽ ഒരെണ്ണം ഉദിച്ചിരിക്കുന്നതു കണ്ടു. ആശാൻ ഭാര്യയോടു പറഞ്ഞു: "ഒരെണ്ണം വന്നിട്ടുണ്ട്. ഇനി ആറും കൂടി വരാനുണ്ട്."

ഒളിച്ചിരുന്ന പെരുംകള്ളൻ ഇതു കേട്ടു. അവൻ പേടിച്ച് കള്ളന്മാരുടെ തലവനോടു ചെന്നു പറഞ്ഞു: "ഈ ആശാൻ ശരിക്കും മാന്ത്രികനാണ്. ഇരുട്ടത്ത് കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന എന്നെ കണ്ണു ശരിയ്ക്കു കാണാൻ വയ്യാത്ത അയാൾ കണ്ടു."

പെരുങ്കള്ളന്മാരുടെ തലവൻ പറഞ്ഞു, "അങ്ങനെയൊരു മാന്ത്രികനോ? എന്നാൽ വാ, നമുക്കു പോയി നോക്കാം."

രണ്ടു പെരുങ്കള്ളന്മാരും കൂടി ആശാന്റെ വീട്ടിനു പുറത്ത് ഒളിച്ചിരുന്നു. ആ സമയത്ത് പിന്നെയും ജന്നലിനടുക്കൽ വന്ന് ആശാൻ ആകാശത്തു നോക്കി. ഏഴു നക്ഷത്രങ്ങളിൽ രണ്ടാമത്തേതും ഉദിച്ചിരിക്കുന്നതു കണ്ടു. ആശാൻ ഭാര്യയോടു പറഞ്ഞു: "ഒരെണ്ണം കൂടി വന്നിട്ടുണ്ട്. ഇനി അഞ്ചും കൂടി വരാനുണ്ട്."

ഇതു കേട്ടു പെരുങ്കള്ളന്മാർ പേടിച്ചു കിടുകിടാ വിറച്ചു പോയി. അവർ പോയി ഏഴു ചാക്കിലായി കെട്ടിവെച്ചിരുന്ന പൊന്നും പണവുമെല്ലാം എടുത്തു കൊണ്ടു വന്ന് മാന്ത്രികനാശാന്റെ കാലിൽ വെച്ചു തൊഴുതു: "ഞങ്ങളെ രക്ഷിക്കണം", അവർ പറഞ്ഞു "ഈ പൊന്നും പണവുമൊന്നും ഞങ്ങൾക്കു വേണ്ട. ഞങ്ങൾ ഈ നാട്ടിൽ നിന്നു തന്നെ എങ്ങോട്ടെങ്കിലും ഓടിപ്പോയ്ക്കോളാം."

കള്ളന്മാർ ആ രാത്രി തന്നെ ആ രാജ്യം വിട്ട് ഓടിപ്പോയി. രാജാവിനു തന്റെ സ്വത്തെല്ലാം തിരിച്ചു കിട്ടിയപ്പോൾ വളരെ സന്തോഷമായി. ഏഴു ചാക്കിൽ ഒരു ചാക്കു നിറയെ പൊന്നും പണവും രാജാവ് ആശാനു കൊടുത്തു.

ആശാനിപ്പോൾ പരമസുഖമാണ്. കണ്ണു ശരിയ്ക്കു കാണാൻ വയ്യെങ്കിലും ചെവി ശരിക്കു കേൾക്കാൻ വയ്യെങ്കിലും ശരിയ്ക്ക് ഓർമ്മയില്ലെങ്കിലും ആശാനിപ്പോൾ ബുദ്ധിമുട്ടൊന്നുമില്ല. കുട്ടികളില്ലാത്ത ആശാനെയും വയസ്സിയായ ഭാര്യയെയും നോക്കാൻ ഇപ്പോൾ ഒരുപാടു വേലക്കാരുണ്ട്. ആശാന് വല്ലയിടത്തും പോകണമെങ്കിൽ കയറിപ്പോകാൻ പുതിയൊരു വെള്ളക്കുതിരയും കുതിരയെ നോക്കാൻ ഒരു കുതിരക്കാരനുമുണ്ട്. പട്ടുകുപ്പായങ്ങളിട്ട്, പൊന്നും മുത്തും അണിഞ്ഞ്, കുതിരപ്പുറത്തു കയറി, വഴിയിൽക്കൂടി ആശാൻ പോകുമ്പോൾ ആളുകൾ വഴിയരികിൽ നിന്നു ബഹുമാനത്തോടെ പറയും: "അതാ, മാന്ത്രികനാശാൻ പോകുന്നു. അദ്ദേഹം വെറുമൊരു ആശാനല്ല, ഒരു മഹാമന്ത്രികനാണ്. കാട്ടിലെ ജന്തുക്കൾ വരെ അദ്ദേഹം പറയുന്നതു കേൾക്കും. ഇരുട്ടിലും കാട്ടിലും അദ്ദേഹത്തിനു കാണാം. മതിലിനും മരത്തിനും അപ്പുറത്ത് എന്തു നടക്കുന്നു എന്ന് അദ്ദേഹത്തിനറിയാം. അദ്ദേഹം ഈ ഗ്രാമത്തിലുള്ളിടത്തോളം കാലം കള്ളന്മാരും കാട്ടുമൃഗങ്ങളുമൊന്നും നമ്മളെ ഒന്നും ചെയ്യില്ല. മാന്ത്രികനാശാൻ നീണാൾ വാഴട്ടേ."

## 4 പുഴവിനെ കണ്ടു പേടിച്ച പട്ടിക്കുട്ടി

ഒരിടത്തു് ചിക്കു എന്ന പേരുള്ള ഒരു പട്ടിക്കുട്ടി ഉണ്ടായിരുന്നു. എപ്പോഴും കളിക്കാനാണ് അവ നിഷ്ടം. എല്ലാ പക്ഷികളും മൃഗങ്ങളും അവന്റെ കൂട്ടുകാരായിരുന്നു. എല്ലാവരേയും സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതുകൊണ്ട് എല്ലാവർക്കും അവന്റെ കൂട്ടുകാരാവാൻ ഇഷ്ടമായിരുന്നു.

ഒരു ദിവസം ചിക്കു കളിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് അവനൊരു ചിത്രശലഭ ത്തെ കണ്ടത്. ചിത്രശലഭവും ചിക്കുവും പെട്ടെന്നു കൂട്ടുകാരായി. പൂക്കളുടെ ഇടയിലൂടെ അവർ ഓടിക്കളിക്കുവാൻ തുടങ്ങി.

പെട്ടെന്നു ചിത്രശലഭം കുറെ ദൂരേയ്ക്കു പറന്നു പോയി. അവൻ അതിന്റെ പുറകെ ഓടാൻ തുടങ്ങി യപ്പോൾ ഇലയുടെ ഇടയിൽ എന്തോ അനങ്ങുന്നതു പോലെ കണ്ടു.

ചിക്കു പേടിച്ചു പോയി. “അയ്യോ ഇതൊരു പുഴു ആണല്ലൊ”, അവൻ പറഞ്ഞു.

ഇതെല്ലം മരത്തിലിരുന്ന് ഒരു കാക്ക കാണുന്നുണ്ടായിരുന്നു. കാക്ക ചോദിച്ചു: “എന്തു പറ്റി ചിക്കു?”

ചിക്കു പറഞ്ഞു “എനിക്കു പുഴുവിനെ പേടിയാണ്, ഒരു ഭംഗിയും ഇല്ല കാണാൻ”.

അപ്പോൾ കാക്ക ചിരിച്ചു കൊണ്ടു പറഞ്ഞു “നീ ഇതുവരെ കളിച്ചുകൊണ്ടിരുന്ന ചിത്രശലഭം ഈ പുഴുവിൽ നിന്നാണ് ഉണ്ടായതു്.”

ചിക്കുവിനു് ഇതു കേട്ടിട്ടു വലിയ അത്ഭുതമായി. ഈ വൃത്തികെട്ട പുഴുവിൽ നിന്നു് ഇത്രയും സുന്ദരിയായ ചിത്രശലഭമോ? എന്തായാലും അവനു സന്തോഷമായി.

കാക്ക പറഞ്ഞു: “നീ കുറെ ദിവസത്തേക്ക് എന്നും ഈ പുഴുവിനെ വന്നു നോക്കുക. അപ്പോൾ മനസ്സിലാകും.” അവൻ അത് അനുസരിച്ചു.

കുറേ ദിവസം കഴിഞ്ഞപ്പോൾ പുഴു ഒരു കൂടിനുള്ളിലായി.അപ്പോൾ കാക്ക പറഞ്ഞു: “അതാണു പ്യൂപ്പ”.

ചിക്കു പിന്നെയും കാത്തിരുന്നു. അങ്ങനെ ഒന്നു രണ്ടു് ആഴ്ച കഴിഞ്ഞപ്പൊൽ ആ കൂടു പൊ ട്ടി അതിൽ നിന്നു് സുന്ദരിയായ ഒരു ചിത്രശലഭം വന്നു. ചിക്കു അത്രയും ഭംഗിയുള്ള ഒരു ചിത്രശലഭത്തെ കണ്ടിട്ടേ ഇല്ലായിരുന്നു.അവൻ അതിന്റെ കൂടെ കുറെ നേരം കളിച്ചു.

കളിച്ചു ക്ഷീണിച്ചു വന്നു് അവൻ കാക്കയോടു പറഞ്ഞു: “ഇപ്പോൾ കാക്ക പറഞ്ഞത് എനിക്കു മനസ്സിലായി.ഭംഗിയില്ലാത്ത പുഴുവിൽ നിന്നു് ഇത്രയും സുന്ദരിയായ ചിത്രശലഭം ഉണ്ടാകുമെന്ന് എനിക്ക് വിശ്വസിക്കാനേ പറ്റുന്നില്ലായിരുന്നു.ഇപ്പോൾ എനിക്ക് സന്തോഷമായി”.

പിന്നെ അവൻ വീട്ടിലേക്കു പോയി; അമ്മയോടു വിശേഷമെല്ലാം പറയാൻ.

**ഗുണപാഠം:** ഏതൊരു കൊള്ളില്ലാത്ത സാധനത്തിൽ നിന്നും നല്ലതു കണ്ടെത്താനാകും.

## 5 ചുവന്ന കുഞ്ഞിക്കോഴി

പണ്ടുപണ്ട്, ഒരിടത്ത് ഒരു ചുവന്ന കുഞ്ഞിക്കോഴിയുണ്ടായിരുന്നു. അവളുടെ കൂടെ അവളുടെ കുഞ്ഞിവീട്ടിൽ അവൾ ഒരു താറാവിനെയും ഒരു പൂച്ചയെയും ഒരു പട്ടിയെയും താമസിപ്പിച്ചിരുന്നു.

താറാവൊരു വലിയ വായാടിയായിരുന്നു. രാവിലെ മുതൽ വൈകിട്ടുവരെ അയൽക്കാരോടു വർത്തമാനം പറയലായിരുന്നു അവളുടെ പണി.

പൂച്ച ഒരു പൊങ്ങച്ചക്കാരിയായിരുന്നു. രാവിലെ മുതൽ വൈകിട്ടുവരെ രോമങ്ങൾ ചീകിയൊതുക്കലും മീശമിനുക്കലും നഖം തിളക്കലുമായിരുന്നു അവളുടെ പണി.

പട്ടി ഒരു ഉറക്കംതൂങ്ങിയായിരുന്നു. രാവിലെ മുതൽ വൈകിട്ടുവരെ വരാന്തയിലെ ആടുന്ന കസേരയിൽക്കിടന്നുറങ്ങലായിരുന്നു അവന്റെ പണി.

വീട്ടിലെ ജോലിയൊക്കെ ചുവന്ന കുഞ്ഞിക്കോഴിയായിരുന്നു ചെയ്തത്.

അവൾ വെച്ചു, വിളമ്പി, വൃത്തിയാക്കി. തുണിയലക്കി. ചവറുകൊണ്ടുക്കളഞ്ഞു. മുറ്റത്തെ പുല്ലുവെട്ടി. കരിയില അടിച്ചുവാരി. സാധനങ്ങൾ വാങ്ങാൻ കടയിൽപ്പോയിരുന്നതുപോലും അവളാണ്.

ഒരു ദിവസം രാവിലെ ചന്തയിലേക്കുപോകുന്ന വഴിയിൽക്കിടന്ന് ചുവന്ന കുഞ്ഞിക്കോഴിക്ക് കുറച്ചു ഗോതമ്പുമണികൾ കിട്ടി. അവളത് ഉടുപ്പിന്റെ കീശയിലിട്ടു.

വീട്ടിലെത്തിയപ്പോൾ അവൾ കൂട്ടുകാരോടു ചോദിച്ചു, "ഈ ഗോതമ്പു നടാൻ ആരൊക്കെ വരുന്നു?"

"ഞാനില്ല", താറാവു പറഞ്ഞു.

"ഞാനില്ല", പൂച്ച പറഞ്ഞു.

"ഞാനില്ല", പട്ടി പറഞ്ഞു.

"എന്നാൽ ഞാൻതന്നെ ചെയ്യാം", ചുവന്ന കുഞ്ഞിക്കോഴി പറഞ്ഞു.

അവളതു നട്ടു.

ഗോതമ്പു മുളച്ചപ്പോൾ ചുവന്ന കുഞ്ഞിക്കോഴി ആർത്തുവിളിച്ചു, "നോക്ക്, ഞാൻ നട്ട ഗോതമ്പു മുളച്ചു. ഇതു നോക്കിവളർത്താൻ ആരൊക്കെയുണ്ട്?"

"ഞാനില്ല", താറാവു പറഞ്ഞു.

"ഞാനില്ല", പൂച്ച പറഞ്ഞു.

"ഞാനില്ല", പട്ടി പറഞ്ഞു.

"എന്നാൽ ഞാൻതന്നെ ചെയ്യാം", ചുവന്ന കുഞ്ഞിക്കോഴി പറഞ്ഞു.

അവൾ വേനൽക്കാലം മുഴുവൻ ഗോതമ്പുചെടികൾ നോക്കിവളർത്തി. അവയ്ക്കു വേണ്ടത്ര വെള്ളമൊഴിച്ചു, തടത്തിലെ കളകൾ കണ്ടുപിടിച്ച് പറിച്ചുകളഞ്ഞു. അങ്ങനെ, വേനൽക്കാലം കഴിയാറായപ്പോഴേക്ക് ഗോതമ്പുചെടികൾ വളർന്നു വലുതായി.

പച്ചനിറമായിരുന്ന ഗോതമ്പുചെടികൾ ഒടുക്കം നിറംമാറി സ്വർണ്ണനിറമായി.

"ഗോതമ്പു കൊയ്തുമെതിയ്ക്കാൻ ആരൊക്കെ വരുന്നു?" അവൾ കൂട്ടുകാരോടു ചോദിച്ചു.

"ഞാനില്ല", താറാവു പറഞ്ഞു.

“ഞാനില്ല”, പൂച്ച പറഞ്ഞു.

“ഞാനില്ല”, പട്ടി പറഞ്ഞു.

“എന്നാൽ ഞാൻതന്നെ ചെയ്യാം”, ചുവന്ന കുഞ്ഞിക്കോഴി പറഞ്ഞു.

അവൾ ഗോതമ്പുചെടിയെല്ലാം കൊയ്തുമെതിച്ചു.

എല്ലാം കഴിഞ്ഞപ്പോൾ ചുവന്ന കുഞ്ഞിക്കോഴി ഗോതമ്പെല്ലാം കോരി ഒരു ഉന്തുവണ്ടിയിലിട്ടിട്ട് പറഞ്ഞു

“ഗോതമ്പു മില്ലിൽ കൊണ്ടുപോയി പൊടിയ്ക്കാൻ ആരൊക്കെ വരുന്നു?”

“ഞാനില്ല”, താറാവു പറഞ്ഞു.

“ഞാനില്ല”, പൂച്ച പറഞ്ഞു.

“ഞാനില്ല”, പട്ടി പറഞ്ഞു.

“എന്നാൽ ഞാൻതന്നെ ചെയ്യാം”, ചുവന്ന കുഞ്ഞിക്കോഴി പറഞ്ഞു.

അവൾ ഉന്തുവണ്ടി ഉന്തി മില്ലിൽക്കൊണ്ടുപോയി. മില്ലുകാരൻ ഗോതമ്പു പൊടിച്ച് ഒരു ചാക്കിലിട്ട് ചുവന്ന കുഞ്ഞിക്കോഴിയ്ക്കു കൊടുത്തു. അവൾ ഒറ്റയ്ക്ക് ഉന്തുവണ്ടിയിൽ ചാക്കുവെച്ച് ഉന്തി വീട്ടിലെത്തിച്ചു.

കുറച്ചു ദിവസം കഴിഞ്ഞ്, ഇളം തണുപ്പുള്ള ദിവസം അതിരാവിലെ ചുവന്ന കുഞ്ഞിക്കോഴി എഴുന്നേറ്റു പറഞ്ഞു, “റൊട്ടിയുണ്ടാക്കാൻ പറ്റിയ ദിവസം. മില്ലിൽ നിന്നു പൊടിച്ചു കൊണ്ടുവന്ന ഗോതമ്പുപൊടികൊണ്ട് ഒരു റൊട്ടിയുണ്ടാക്കാൻ ആരൊക്കെ വരുന്നു?”

“ഞാനില്ല”, താറാവു പറഞ്ഞു.

“ഞാനില്ല”, പൂച്ച പറഞ്ഞു.

“ഞാനില്ല”, പട്ടി പറഞ്ഞു.

“എന്നാൽ ഞാൻ തന്നെ ചെയ്യാം”, ചുവന്ന കുഞ്ഞിക്കോഴി പറഞ്ഞു.

അവൾ റൊട്ടിയുണ്ടാക്കി. ഗോതമ്പുപൊടിയിൽ പാലും മുട്ടയും വെണ്ണയും ഉപ്പും ചേർത്ത്, മാവു കുഴച്ച്, ഒരു വലിയ റൊട്ടിയുടെ ആകൃതിയിലാക്കി. അടുപ്പിൽ വെച്ച് ശ്രദ്ധിച്ചു നോക്കിനിന്നു.

മൊരിയുന്ന റൊട്ടിയുടെ മണം ചുറ്റും പരന്നു. കൊതിപ്പിക്കുന്ന മണം കേട്ട് താറാവു വർത്തമാനം നിർത്തി. പൂച്ച ഒരുക്കം നിർത്തി. പട്ടി മയക്കം നിർത്തി.

ഓരോരുത്തരായി അടുക്കളയിലെത്തി. ചുവന്ന കുഞ്ഞിക്കോഴി ചുട്ട റൊട്ടി അടുപ്പിൽനിന്നെടുത്തിട്ടു ചോദിച്ചു,

“ഈ റൊട്ടി തിന്നാൻ ആരൊക്കെ വരുന്നു?”

“ഞാനുണ്ട്”, താറാവു പറഞ്ഞു.

“ഞാനുണ്ട്”, പൂച്ച പറഞ്ഞു.

“ഞാനുണ്ട്”, പട്ടി പറഞ്ഞു.

“ഉണ്ടോ?” ചുവന്ന കുഞ്ഞിക്കോഴി ചോദിച്ചു. “ഗോതമ്പു നട്ടുവളർത്തിയതാരാ?”

“ഞാൻ.”

“ഗോതമ്പു കൊയ്തുമെതിച്ച് മില്ലിൽ കൊണ്ടുപോയി പൊടിപ്പിച്ചതാരാ?”

“ഞാൻ.”

“ഗോതമ്പു പൊടി വീട്ടിലെത്തിച്ചതും റൊട്ടിയുണ്ടാക്കിയതും ആരാ?

“ഞാൻ.”

“ഞാനൊറ്റക്കല്ലേ ഇതൊക്കെ ചെയ്തത്? എന്നാൽ റൊട്ടിയും ഞാനൊറ്റയ്ക്ക തിന്നുകൊള്ളാം.”

എന്നിട്ട് ചുവന്ന കുഞ്ഞിക്കോഴി ഒറ്റയ്ക്ക് ആ റൊട്ടി മുഴുവൻ തിന്നു.